"ഭരണഭാഷ മാതൃഭാഷ "

## വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ റ്റി.വി. IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - മുതിർന്ന പൗരന്മാർക്കുള്ള പ്രത്യേക ശ്രദ്ധ- ക്ഷേമാന്വേഷണത്തിന് ഐസിഡിഎസ് പ്രവർത്തകരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ ഇതേ നമ്പർ 01.04.2020 തീയതിയിലെ നടപടിക്രമങ്ങൾ.

### ഉത്തരവ് നം. WCD/NNM4/5965(A)/2020 തീയതി: 03.04.2020

സൂചന ഉത്തരവു പ്രകാരം മുതിർന്ന പൗരന്മാരുടെ ക്ഷേമം ആരായുന്ന നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ 1.6 ലക്ഷത്തോളം ആളുകൾ ക്വാറന്റൈനിലുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്വാറന്റൈൻ നിർദ്ദേശിക്കപ്പെട്ട മുതിർന്ന പൗരന്മാർക്കും മറ്റു കുടുംബങ്ങളിലുള്ള മുതിർന്ന പൗരന്മാർക്കും പ്രത്യേക ശ്രദ്ധയും സംരക്ഷണവും ഈ ഘട്ടത്തിൽ ആവശ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

i) ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങളുടെ മേൽ നോട്ട ചുമതല ജില്ലാതല പ്രോഗ്രാം ആഫീസർമാർക്കായിരിക്കും. ക്വാറന്റൈനിലുള്ള ആളുകളുടെ ലിസ്റ്റും, മുതിർന്ന പൗരന്മാരെക്കുറിച്ചുള്ള അന്വേഷണത്തിനായി തയ്യാറാക്കിയ ഒരു ചോദ്യാവലിയും (questionnaire) ഇതോടൊപ്പം അയക്കുന്നു.

ii) ജില്ലാതല പ്രോഗ്രാം ആഫീസർമാർ ICDS പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ക്വാറന്റൈൻ ലിസ്റ്റ് തരം തിരിച്ച അതാതു സിഡിപിഒ മാർക്ക് നൽകേണ്ടതും അംഗൻവാടി അടിസ്ഥാനത്തിൽ അംഗനവാടി ജീവനക്കാർക്ക് ലിസ്റ്റ് അയച്ചു നൽകുന്നതിന് നിർദേശം നൽകേണ്ടതുമാണ്.

iii) അംഗനവാടി പ്രവർത്തകർ ഈ കുടുംബങ്ങളിൽ ഫോൺ മുഖേന ബന്ധപെട്ട മുതിർന്ന പൗരന്മാരെ കറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് ചോദ്യാവലിയിൽ (questionnaire) രേഖപ്പെടുത്തേണ്ടതാണ്.

iv) ഇപ്രകാരം രേഖപ്പെടുത്തുന്ന വിവരങ്ങൾ അംഗനവാടി പ്രവർത്തകർ നേരിട്ടോ ഇ-മെയിൽ / വാട്സാപ്പ് മുഖേനയോ ബന്ധപ്പെട്ട സൂപ്പർവൈസർമാർക്ക് അതാത് ദിവസം നൽകേണ്ടതാണ് .

v) സൂപ്പർവൈസർമാർ വിവരങ്ങൾ ക്രോസ് ചെക്ക് ചെയ്യേണ്ടതും ഫീൽഡിൽ follow up ചെയുന്ന സമയത്തു ഈ വിവരങ്ങൾ നേരിട്ട് പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ് .

vi) ശിശു വികസന പദ്ധതി ഓഫീസർമാർ പ്രതിരോധ പ്രവർത്തനങ്ങൾക്കും വിവരശേഖരണത്തിനും നേതൃത്വം നൽകി അതാതു ദിവസത്തെ റിപ്പോർട്ട് പിറ്റേ ദിവസം ഉച്ചക്ക് 12 മണിക്ക് മുൻപായി പ്രോഗ്രാം ഓഫീസർക്ക് നൽകേണ്ടതാണ് .

vii) പ്രോഗ്രാം ഓഫീസർമാർ ജില്ലാ അടിസ്ഥാനത്തിൽ ഇക്കാര്യം followup ചെയ്തു ഈ കാര്യാലത്തിലേക്കും, ജില്ലാസാമൂഹ്യനീതി ആഫീസർക്കും 3 ദിവസത്തിൽ ഒരിക്കൽ റിപ്പോർട്ട് നൽകേണ്ടതാണ്

**വനിത ശിശു വികസന ഡയറക്ടർ**

**എല്ലാ** പ്രോഗ്രാം ഓഫീസർമാർക്കും/
**എല്ലാ** സിഡിപിഒ മാർക്കും

**പകർപ്പ്:**

1. ജില്ലാ വനിതാശിശുവികസന ആഫീസർമാർക്ക്
2. ജില്ലാസാമൂഹ്യനീതി ആഫീസർമാർക്ക്
3. സ്റ്റോക്ക് ഫയൽ/ സ്പെയർ

**ഉത്തരവിൻ പ്രകാരം**

**സൂപ്രണ്ട്**

## ക്വാറന്റയിനിൽ ഉള്ള
## മുതിർന്ന പൗരന്മാർക്കുള്ള അധിക ചോദ്യങ്ങൾ

| | | | |
|---|---|---|---|
| 1 | നിങ്ങൾ വീട്ടിനകത്ത് മറ്റുള്ളവരുമായി അകലം പാലിക്കുന്നുണ്ടോ | ഉണ്ട് | ഇല്ല |
| 2 | നിങ്ങൾ പ്രത്യേക ശുചിമുറി ഉപയോഗിക്കുന്നുണ്ടോ | ഉണ്ട് | ഇല്ല |
| | ഇല്ലെങ്കിൽ അണുനശീകരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ടോ | ഉണ്ട് | ഇല്ല |
| 3 | നിങ്ങൾ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് ബോധവാന്മാരാണോ | അതെ | അല്ല |
| 4 | ചുമയ്ക്കുമ്പോഴും, തുമ്മുമ്പോഴും തൂവാല ഉപയോഗിക്കാറുണ്ടോ ? | ഉണ്ട് | ഇല്ല |
| 5 | കൃത്യമായ ഇടവേളകളിൽ കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയാക്കാറുണ്ടോ | ഉണ്ട് | ഇല്ല |